**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാംസമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5501**

**01/07/2019-ൽ മറുപടിയ്ക്ക്**

# സഹകരണ വകുപ്പിലെ ആർബിട്രേഷൻ കേസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ: ജോർജ് എം. തോമസ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സഹകരണ വകുപ്പിൽ ധനപരവും അല്ലാത്തതുമായ കേസുകൾ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 69 ഉം 70 ഉം റൂൾ 67 ഉം 68 ഉം പ്രകാരം സഹകരണ സ്ഥാപനങ്ങളിലെ ആർബിട്രേഷൻ കേസുകൾ ധനപരമായ കേസുകൾ, ധനപരമല്ലാത്ത കേസുകൾ എന്നിവയായി വേർതിരിക്കുന്നു. ധനപരമായ തർക്കങ്ങൾ രജിസ്ട്രാർ മുമ്പാകെ ആണ് ഫയൽ ചെയ്യേണ്ടത്. ധനപരമല്ലാത്ത തർക്കങ്ങൾ ആർബിട്രേഷൻ കോടതികൾ മുമ്പാകെയാണ് ഫയൽ ചെയ്യേണ്ടത്. ആയതിലേക്കായി തിരുവനന്തപുരത്തും, കോഴിക്കോട്ടും ആർബിട്രേഷൻ കോടതികൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ധനപരമല്ലാത്ത കേസുകൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടി നിയമിക്കപ്പെട്ടവർക്ക് സർക്കാർ എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ധനപരമല്ലാത്ത തർക്കങ്ങൾ ആർബിട്രേഷൻ കോടതികളിലാണ് ഫയൽ ചെയ്യുന്നത്. പ്രസ്തുത കോടതികളിൽ സർക്കാർ നിയമിക്കപ്പെട്ട പ്രിസൈഡിംഗ് ആഫീസർ ആണ് കേസുകൾക്ക് തീർപ്പ്കൽപ്പിക്കുന്നത്. തികച്ചും സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ആർബിട്രേഷൻ കോടതികൾക്ക് ഉണ്ട്. ഇത് ഒരു പൂർണ്ണ അർത്ഥത്തിലുള്ള കോടതി സംവിധാനങ്ങളിൽ പ്രവർത്തിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ധനപരമായ തർക്കങ്ങൾ കൈകാര്യം ചെയ്യുന്നതിന് നിയമിക്കപ്പെട്ടവർക്ക് കേസുകൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | വ്യക്തമാക്കാം. ധനപരമായ കേസുകൾ തീർപ്പ് കൽപ്പിക്കുന്നത് സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലാണ്. രജിസ്ട്രാറുടെ നിയന്ത്രണത്തിൽ ഉള്ള ഉദ്യോഗസ്ഥരെ കേസ് തീർപ്പാക്കുന്നതിലേക്കായി ആർബിട്രേറ്റർ/മദ്ധ്യസ്ഥന്മാരായി നിയമിക്കുന്നു. ഇവർക്ക് സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്. നിലവിലെ ആഫീസ് സംവിധാനത്തിന്റെ ഭാഗമായാണ് ഇവർ പ്രവർത്തിക്കുന്നത്. |
| (ഡി) | ആർബിട്രേഷൻ കേസുകൾ കൈകാര്യം ചെയ്യുന്നതിന് മതിയായ സംവിധാനങ്ങൾ ഒരുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ഡി) | ആർബിട്രേഷൻ കേസുകൾ കൈകാര്യം ചെയ്യുന്നതിന് സഹകരണ വകുപ്പിലെ ജൂനിയർ ഇൻസ്പെക്ടർ മുതൽ അഡീഷണൽ രജിസ്ട്രാർ തസ്തികയിൽ വരെയുള്ള ഉദ്യോഗസ്ഥർ ആർബിട്രേറ്റർമാരായി സേവനം അനുഷ്ഠിച്ച് വരുന്നു. ഇവർക്ക് മതിയായ പരിശീലനം കണ്ണൂർ, പൂജപ്പുര ഐ.സി.എം, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ഐ.എം.ജി എന്നീ സ്ഥാപനങ്ങളിലൂടെ ബന്ധപ്പെട്ട മേഖലകളിൽ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ